# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 732 13.06.2012-ൽ മറുപടിക്ക്

ഡോക്ടർമാരുടെ സർവ്വീസ് ദീർഘിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കെ. ജയചന്ദ്രൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2012 മേയ് 31-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്ന സർക്കാർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സർവ്വീസ് മൂന്ന് മാസത്തേക്ക് കൂടി വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ടോ; സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സർവ്വീസ് വർദ്ധിപ്പിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | എ) ഉണ്ട്. മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധികൾ നേരിടേണ്ടതിനാലും സംസ്ഥാനത്ത് സ്പെഷ്യലിറ്റി കേഡർ ഡോക്ടർമാരുടെ കടുത്ത അഭാവം നിലനിൽക്കുന്നതിനാലുമാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സർവ്വീസ് അവർ റിട്ടയർ ചെയ്യുന്ന തീയതി മുതൽ മൂന്നു മാസത്തേക്കു കൂടി ദീർഘിപ്പിച്ചത്. |
| (ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലെയും സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽപ്പെടാത്ത ഡോക്ടർമാരുടെ സർവ്വീസ് ഇപ്രകാരം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്; | ബി) ഇല്ല. സ്പെഷ്യലിറ്റി കേഡറിൽ ഉള്ള ഡോക്ടർമാർക്ക് മാത്രമായി ഈ ആനുകൂല്യം നിജപ്പെടുത്തിയിരിക്കുന്നു. |
| (സി) മഴക്കാലജന്യ രോഗങ്ങൾ ഭീഷണിയായി നിലനിൽക്കെ ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സർവ്വീസ് നീട്ടി നൽകാത്തത് പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ എല്ലാ വിഭാഗം ഡോക്ടർമാർക്കും മൂന്ന് മാസത്തെ സർവ്വീസ് വർദ്ധിപ്പിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ